

# Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## "ഓപ്പറേഷൻ ഡാഡ്" 17 കിലോ കഞ്ചാവുമായി രണ്ട് പേർ പിടിയിൽ

വിശാഖപട്ടണത്തു നിന്നും കേരളത്തിലേക്ക് ആഡംഭര കാറിൽ കടത്തിയ 17.260 കിലോഗ്രാം കഞ്ചാവുമായി രണ്ട് പേരെ വാളയാർ പോലീസ് അറസ്റ്റ് ചെയ്തു. തമിഴ്നാട്, ഗൂഡല്ലൂർ സ്വദേശി ബിൻ്റോ ബെന്നി വ ഃ 31 , കർണ്ണാടക, ബംഗളൂരു സ്വദേശി ജോമോൻ വ ഃ 34 എന്നിവരാണ് പിടിയിലായത്. വാളയാർ, പാമ്പൻ പള്ളം ടോൾ പ്ലാസയിൽ പാലക്കാട് ഡാൻസാഫ് സ്ക്വാഡും , വാളയാർ പോലീസും സംയുക്തമായി നടത്തിയ പരിശോധനയിലാണ് ഇന്നോവ കാറിലെത്തിയ പ്രതികൾ വലയിലായത്.



പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ പതിനഞ്ച് ലക്ഷം രൂപയോളം വില വരും. മലബാർ മേഖല കേന്ദ്രീകരിച്ച് കച്ചവടം നടത്തുന്നവർക്ക് കൈമാറാൻ കൊണ്ടുവന്ന കഞ്ചാവാണ് പിടികൂടിയത്. സംസ്ഥാനമൊട്ടുക്കും ലഹരി മാഫിയക്കെതിരെ നടന്നു വരുന്ന "മിഷൻ ഡാഡ് " ഓപ്പറേഷൻ്റെ ഭാഗമായാണ് പരിശോധന നടന്നു വരുന്നത്.

പാലക്കാട് ജില്ലാ പോലീസ് മേധാവി R. വിശ്വനാഥ് IPSൻെറ നിർദ്ദേശത്തെത്തുടർന്ന് പാലക്കാട് നർക്കോട്ടിക് സെൽ DySP CD. ശ്രീനിവാസിൻെറ മേൽനോട്ടത്തിൽ വാളയാർ സബ് ഇൻസ്പെക്ടർ രാജേഷ്, ASI ജയകുമാർ ,SCPO വിനോദ് കൃഷ്ണൻ, CPO മാരായ സുജിത്ത്, സനൽ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ T. R. സുനിൽ കുമാർ റഹിം മുത്തു , സൂരജ് ബാബു, K. അഹമ്മദ് കബീർ, S. ഷനോസ്, S.ഷമീർ , T. I. ഷെമീർ, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥൻ K. P. സഹദ് എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് കടത്ത് പിടികൂടിയത്.

.....................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT